**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6385 — 03.04.2018 ന് മറുപടിയ്ക്ക്.

**ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വനങ്ങളിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികളെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വനമേഖലകളിൽ ഏതെല്ലാം ഏജൻസികൾക്ക് ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;<br>(സി) അഡ്വഞ്ചർ ടൂറിസമെന്ന പേരിൽ വനമേഖലയിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; | (എ), (ബി) & (സി) - കേരളത്തിലെ വനങ്ങളിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് വനം വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികൾ ഒന്നും നിലവിലില്ല. |
| (ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇല്ലെങ്കിൽ ലൈസൻസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) ലൈസൻസ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഇ) ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികൾക്ക് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും അനധികൃത ട്രെക്കിംഗ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ഇ) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല. അനധികൃതമായി വനങ്ങളിലോ, സംരക്ഷിത വനമേഖലകളിലോ കടന്നു കയറുന്നവർക്കെതിരെ കേരള വന നിയമം, വന്യജീവി (സംരക്ഷണ) നിയമം എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ